**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1894** **02-02-2024 - ൽ മറുപടിയ്ക്ക്**

**റോഡപകടങ്ങളുടെ കണക്കും സേഫ് കേരള പദ്ധതിയുടെ പ്രവർത്തനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ കേരളത്തിൽ എത്ര റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ട്; പ്രസ്തുത അപകടങ്ങളിൽ എത്ര മരണങ്ങൾ ; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 ജൂൺ മുതൽ 2023 ഡിസംബർ മാസം വരെയുള്ള കാലയളവിൽ 1,10,714 റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത അപകടങ്ങളിൽ 9898 മരണങ്ങൾ ഉണ്ടായിട്ടുണ്ട്. 111881 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഈ വിവരങ്ങൾ സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായതാണ്. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |
| (ബി) | മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ കുറവ് സേഫ് കേരള പദ്ധതിയുടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിൽ 70 ഒഴിവുകൾ നിലവിലുള്ളതും ആയത് നികത്തുന്നതിലേയ്ക്കായി പി.എസ്.സി – യിലേയ്ക്ക് 41 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ശേഷിക്കുന്ന ഒഴിവുകൾ ബൈ ട്രാൻസ്ഫർ നിയമനം മുഖേന നികത്തുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.<br><br>സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡിൽ പുതുതായി 14 ജോയിന്റ് ആർ.ടി.ഒ. യുടെയും 198 എം.വി.ഐ. മാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള ശിപാർശയും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ ഒരു അധിക തസ്തിക സൃഷ്ടിച്ച് സേഫ് കേരള പദ്ധതിയുടെ നോഡൽ ഓഫീസറായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള ശിപാർശയും സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | കേരളത്തിൽ മോട്ടോർ വാഹന വകുപ്പിന് കീഴിൽ എത്ര ചെക്ക് പോസ്റ്റുകൾ ഉണ്ട്; ഇവിടുത്തെ ജീവനക്കാരുടെ എണ്ണം ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (സി) | 19 ചെക്ക് പോസ്റ്റുകൾ<br><br>ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു |
| (ഡി) | കേരള മോട്ടോർ വാഹന വകുപ്പിൽ ആകെ എത്ര ജി.പി.എസ്. കൺട്രോൾ റൂമുകൾ ഉണ്ട്; അതിൽ | (ഡി) | കേരള മോട്ടോർ വാഹന വകുപ്പിന് കീഴിൽ ജി.പി.എസ് അഥവാ വെഹിക്കിൾ ലൊക്കേഷൻ |

| | | | |
|---|---|---|---|
| | ആകെ എത്ര ഉദ്യോഗസ്ഥർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | | ട്രാക്കിംഗ് സംവിധാനം നിരീക്ഷിക്കുന്നതിനായി ഗതാഗത കമ്മീഷണറുടെ ഓഫീസ്, തിരുവനന്തപുരം ആസ്ഥാനത്ത് ഒരു കേന്ദ്രീകൃത നിരീക്ഷണ ഓഫീസും, കൂടാതെ 17 മിനി നിരീക്ഷണ കേന്ദ്രങ്ങളും വിവിധ ജില്ലാ ഓഫീസുകൾ കേന്ദ്രീകരിച്ചും ക്രമീകരിച്ചിട്ടുണ്ട്. ഈ സംവിധാനത്തിന്റെ മേൽ നോട്ടത്തിനായി സംസ്ഥാന തലത്തിൽ ഒരു നോഡൽ ഓഫീസറും നിരീക്ഷണ സംവിധാനം ക്രമപ്പെടുത്തുന്നതിനായി ഓരോ ജില്ലകളിലും ഓഫീസുകൾ കേന്ദ്രീകരിച്ച് മോട്ടോർ വെഹിക്കിൾ ഇൻസ്‌പെക്ടർ റാങ്കിൽ കുറയാതെയുള്ള ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |
| (ഇ) | മോട്ടോർ വാഹന വകുപ്പിന്റെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ഓഫീസ് | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | ഓഫീസ് അറ്റൻഡന്റ് |
|---|---|---|---|---|
| 1. | അമരവിള | 3 | 1 | 2 |
| 2. | കുറുംകുട്ടി | 3 | 1 | 2 |
| 3. | ആര്യൻകാവ് | 3 | 1 | 3 |
| 4. | പൂവാർ | 3 | 1 | 2 |
| 5. | കുമിളി | 3 | 1 | 3 |
| 6. | വാളയാർ -ഇൻ | 12 | 3 | 4 |
| 7. | വാളയാർ -ഔട്ട് | 3 | 1 | 3 |
| 8. | ഗോവിന്ദപുരം | 3 | 1 | 3 |
| 9. | ഗോപാലപുരം | 6 | 1 | 3 |
| 10. | മീനാക്ഷിപുരം | 3 | 1 | 3 |
| 11. | വഴിക്കടവ് | 3 | 1 | 3 |
| 12. | നടപ്പുണി | 3 | 1 | 3 |
| 13. | വേലൻതാവളം | 3 | 1 | 3 |
| 14. | മഞ്ചേശ്വരം | 4 | 2 | 3 |
| 15. | നിലേശ്വരം | 3 | 1 | 3 |
| 16. | മുത്തങ്ങ | 3 | 1 | 3 |
| 17. | പെർള | 3 | 1 | 3 |
| 18. | കാട്ടികുളം | 3 | 1 | 3 |
| 19. | ഇരിട്ടി | 3 | 1 | 3 |